PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1956.

Vol. XV.] OFFICIAL REPORT [Supplement.

LIBRARY ARCHIVES Kerala Legislative Assembly

QUESTIONS AND ANSWERS LAID ON THE TABLE.

(The number within brackets indicates the serial numbers in the list of admitted questions for the respective days to which the questions were posted.)

STARRED QUESTIONS POSTED FOR ANSWER ON 28-2-1956.

തൊഴിലില്ലായ്മ.

* 157. [2] ശ്രീ. കെ. കെ. നായർ : താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ഗവണ്മെൻറ് പ്രത്യേക നടപടികൾ വല്ലതും എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ടു്, ഈ സംസ്ഥാനത്തു് എത്രകണ്ടു തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമെന്നാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ വിവിധ ലക്ഷ്യങ്ങളിൽ ഒന്നു് തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക എന്നുള്ളതാണു്. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഇവിടെ നടപ്പിൽ വരുത്തുവാനിരിക്കുന്ന ഈ പ്രശ്നത്തിനു് എത്രമാത്രം പരിഹാരമുണ്ടാകുന്നുവെന്നാണു്.

(സി) പദ്ധതിയുടെ വിവിധ തുറകളിലായി ഏകദേശം 1,45,783 പേർക്കു് പുതുതായി തൊഴിൽ നൽകാമെന്നാണു് കരുതുന്നതു്.